# തിരുക്കൊച്ചി കമ്പനിയുടെ നീര വിപണിയിലേക്ക്

കൊച്ചി: അതീവ രുചികരവും ആരോഗ്യദായകവുമായ നീര പാനീയം തിരുക്കൊച്ചി കമ്പനി വിപണിയിൽ ഇറക്കുന്നു. ആകർഷകമായ 200 എം എൽ, ഒരു ലിറ്റർ ബോട്ടിലുകളിലാക്കിയ നീരയുടെ ലോഞ്ചിംഗ് നാളെ 4ന് നാളികേര വികസന ബോർഡ് കൊച്ചി ആസ്ഥാനത്ത് എക്സൈസ് മന്ത്രി കെ. ബാബു നിർവ്വഹിക്കും. ചടങ്ങിൽ കൊച്ചി മേയർ ടോണി ചമ്മണി, ഹൈബി ഈഡൻ എം.എൽ.എ. എന്നിവർ വിശിഷ്ടാതിഥികളായിരിക്കും. ബോർഡ് ചെയർമാൻ ടി. കെ. ജോസ് ഐ.എ.എസ്. മുഖ്യ പ്രഭാഷണം നടത്തും.

എറണാകുളം ജില്ലയിലെ നാളികേര ഉത്പാദക സൊസൈറ്റികളുടെ നേതൃത്വത്തിൽ രൂപം കൊടുത്തിട്ടുള്ള തിരുക്കൊച്ചി നാളികേര ഉദ്പാദക കമ്പനിയുടെ നീര ശർക്കര കേക്ക് വിപണിയിൽ എത്തിച്ചിരുന്നു. നീര ഹണി, ജാഗരി. എന്നീ അനുബന്ധ ഉത്പന്നങ്ങളും വിപണിയിലെത്തിക്കാൻ സജ്ജമായിരിക്കുന്നു എന്ന് കമ്പനി അറിയിച്ചു.

ഉദ്ഘാടന ചടങ്ങിൽ തിരുകൊച്ചി നാളികേര ഉത്പാദക കമ്പനി ചെയർമാൻ ജോസഫ് ബാബു അദ്ധ്യക്ഷത വഹിക്കും.